# ജനറൽ ആശുപത്രി മൂവാറ്റുപുഴ, എറണാകുളം ജില്ല,

ഫോൺ: Off: 0485-2836544, Caslty:0485-2832360 Email:suptthghmuvattupuzha@gmail.com

നം. ബി 2 - 2356/2022

തീയതി: 6/11/2023

## ലേലപരസ്യം

മൂവാറ്റുപുഴ ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നത്.

മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ഉപയോഗ്യശൂന്യമായ സാധനങ്ങൾ 14/11/2023 -ന് പകൽ 2.30 മണിക്ക് പരസ്യമായി ലേലം/ക്വട്ടേഷൻ ചെയ്ത് നൽകുന്നതാണ്.

ലേലം/ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 14/11/2023 ന് 12 മണിക്ക് മുൻപായി നിരതദ്രവ്യമായ 1000/- രൂപ ഓഫീസിൽ കെട്ടി വെയ്ക്കേണ്ടതും ലേല ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

നിശ്ചിത തീയതിക്കും, സമയത്തിനും ഉള്ളിൽ നിശ്ചിത തുകയ്ക്കുള്ള EMD സഹിതം സമർപ്പിക്കുന്ന സീൽ ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. കൂടുതൽ തുകയ്ക്ക് ലേലം/ക്വട്ടേഷൻ കൊള്ളുന്ന ആൾ ലേലം/ക്വട്ടേഷൻ തുകയും തുകയുടെ 18% GST യും മറ്റ് ഗവ:അംഗീകൃത നികുതികളും ഉൾപ്പെടെ മുഴുവൻ തുകയും 5 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ അടച്ചതിനുശേഷം മാത്രമേ ലേലം കൊണ്ട വസ്തുക്കളിൽ ലേലം കൊണ്ട ആൾക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളൂ. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാൽ ലേലം കൊണ്ടസാധനങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ സുരക്ഷിതമായും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരാത്ത വിധത്തിലും (രോഗികൾക്കും, ജീവനക്കാർക്കും, ആശുപത്രി സാധനസാമഗ്രികൾട്ടും) 15 ദിവസത്തിനകം ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യേണ്ടതും ആണ്. പ്രസ്തുത സാധനങ്ങൾ നീക്കം ചെയ്യേണ്ട പ്രവൃത്തി രാവിലെ 8 മണി മുതൽ 5 മണിവരെ മാത്രമായിരിക്കണം.

ലേലം മാറ്റി വയ്ക്കുന്നതിനും റദ്ദാക്കുന്നതിനും, ലേലം സംബന്ധമായ അന്തിമ തീരുമാനം എടുക്കുന്നതിനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ലേലം സർക്കാർ നിബന്ധനകൾക്ക് വിധേയമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

| ക്രമ നം | ലേലം ചെയ്യുന്ന വസ്തു | ലേല സ്ഥലം | ലേല തീയതി | നിരതദ്രവ്യം |
|---|---|---|---|---|
| 1. | മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ഉപയോഗ്യശൂന്യമായ സാധനങ്ങൾ | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്. ഒന്നാം നില | 14/11/2023 പകൽ 2.30 മണി | Rs. 1000/- |

ജനറൽ ആശുപത്രി GENERAL HOSPITAL MUVATTUPUZHA മൂവാറ്റുപുഴ

സൂപ്രണ്ട്
06/11/2023

To

നോട്ടീസ്ബോർഡ്

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം.
2. സെക്രട്ടറി/ എച്ച്.എം.സി ചെയർമാൻ, മൂവാറ്റുപുഴ നഗരസഭ
3. തഹസിൽദാർ മൂവാറ്റുപുഴ
4. വില്ലേജ് ഓഫീസർ, മാറാടി
5. ട്രഷർ ഓഫീസർ മൂവാറ്റുപുഴ
6. ഫയൽ